**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3287** **10-12-2018 ൽ മറുപടിക്ക്**

## അന്യാധീനപ്പെട്ട സർക്കാർ ഭൂമി തിരിച്ചുപിടിയ്ക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) അന്യാധീനപ്പെട്ട ഭൂമി തിരിച്ചു പിടിയ്ക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; | (എ) കൈയ്യേറ്റം മൂലം അന്യാധീനപ്പെട്ട സർക്കാർ ഭൂമി തിരിച്ചു പിടിക്കുന്നതിന് എല്ലാ ജില്ലകളിലും കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സർക്കാർ ഭൂമി കൈയ്യേറ്റം കണ്ടെത്തുന്നതിനും, തടയുന്നതിനും, ഒഴിപ്പിക്കുന്നതിനും വേണ്ടി ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചുകൊണ്ട് 10.09.2018 ലെ സ.ഉ (സാധാ) 3778/2018/റവന്യൂ നം. ഉത്തരവായിട്ടുള്ളതും അപ്രകാരം സെല്ലിന്റെ പ്രവർത്തനം തുടർന്നു വരുന്നതുമാണ്. |
| (ബി) തോട്ടം മേഖലയിൽ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിയ്ക്കുന്നതുമായി ബന്ധപ്പെട്ട ഏതെല്ലാം കേസുകളിലാണ് എതിർകക്ഷികൾക്ക് അനുകൂലമായി കോടതി വിധി ഉണ്ടായിട്ടുള്ളത്; ഇത്തരം കേസുകളിൽ ഉണ്ടായിട്ടുള്ള തുടർ നടപടികൾ എന്തൊക്കെയാണ്; | (ബി) തോട്ടം മേഖലയിൽ അന്യാധീനപ്പെട്ട ഭൂമി തിരിച്ച് പിടിക്കുന്നതുമായി ബന്ധപ്പെട്ട് നിയുക്തനായ സ്പെഷ്യൽ ഓഫീസർ കേരള ഭൂസംരക്ഷണ നിയമപ്രകാരം കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലെ ഹാരിസൺസ് മലയാളം ലിമിറ്റഡ്, റ്റി.ആർ. & റ്റി, ബോയിസ് എസ്റ്റേറ്റ്, റിയ റിസോർട്ട്സ് & പ്രോപ്പർട്ടീസ് പ്രൈവറ്റ് ലിമിറ്റഡ്, ചെറുവള്ളി എസ്റ്റേറ്റ് എന്നിവരിൽ നിന്നും ഭൂമി ഏറ്റെടുത്തുകൊണ്ടുള്ള ഉത്തരവ് ടി കമ്പനികളുടെ ഹർജികൾ പരിഗണിച്ച് ബഹു. ഹൈക്കോടതി റദ്ദ് ചെയ്തിരുന്നു. എച്ച്.എം.എൽ. മുതലായ കമ്പനികൾ വിവിധ അധികാര കേന്ദ്രങ്ങളിൽ നിന്നും ഭൂമി അവരുടേതാണെന്ന് സ്ഥാപിക്കുന്നതിന് അനുകൂലമായി സർട്ടിഫിക്കറ്റുകളും, ഉത്തരവുകളും മറ്റും സമ്പാദിച്ചിരുന്നു. ടി ഉത്തരവുകളും/ സർട്ടിഫിക്കറ്റുകളും/ഉടമസ്ഥത അവകാശപ്പെട്ടു കൊണ്ടുള്ള രേഖകളും മറ്റും അസാധുവാണെന്ന് പ്രഖ്യാപിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിക്കുവാൻ നിയുക്തനാക്കിയിട്ടുള്ള സ്പെഷ്യൽ ഓഫീസർക്ക് അധികാരമില്ല എന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഏറ്റെടുക്കൽ ഉത്തരവുകൾ റദ്ദാക്കിയിട്ടുള്ളത്. ഇവയ്ക്ക് പുറമെ ഇടുക്കി ജില്ലയിലെ ശാന്തൻപാറ വില്ലേജിലെ 3 തോട്ടങ്ങൾക്കും ടി വിധി നൽകിയിട്ടുണ്ട്. ടി |

കേസ്സുകളിലെല്ലാം തന്നെ സ്പെഷ്യൽ ഓഫീസർക്ക് കേരള ഭൂസംരക്ഷണ നിയമപ്രകാരം പ്രസ്തുത ഭൂമി ഏറ്റെടുക്കാനാകില്ല എന്ന കാരണത്താലാണ് കോടതി ഏറ്റെടുക്കൽ ഉത്തരവ് റദ്ദ് ചെയ്തിരിക്കുന്നത്. എന്നാൽ സർക്കാരിന് വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ പ്രസ്തുത ഭൂമി ഏറ്റെടുക്കാമെന്ന് ബഹു. കോടതിയുടെ ഡിവിഷൻ ബെഞ്ച് നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള ഭൂപരിഷ്കരണ നിയമ പ്രകാരം ഒഴിവ് കിട്ടിയ തോട്ട ഭൂമി കരം മാറ്റുകയോ മുറിച്ച് വിൽക്കുകയോ ചെയ്യപ്പെടുന്ന കേസുകളിൽ പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ബന്ധപ്പെട്ട താലൂക്ക്, ലാന്റ് ബോർഡുകൾ മുഖാന്തിരം നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ഈ കേസുകൾ നടത്തുന്നതിന് നിയോഗിയ്ക്കപ്പെട്ട വക്കീലന്മാർ ആരൊക്കെയാണ്; കേസുകൾ നടത്തുന്നതിന് നാളിതുവരെ എത്ര രൂപ ചെലവായിട്ടുണ്ട്?

(സി) ഹാരിസൺ മലയാളം ലിമിറ്റഡും മറ്റ് കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശം വച്ചിരിക്കുന്ന ആയിരകണക്കിന് തോട്ട ഭൂമിയുമായി ബന്ധപ്പെട്ട കേസുകൾ നടത്തുന്നതിനായി സ്പെഷ്യൽ ഗവ.പ്ലീഡറായി ശ്രീ. എസ്.ബി പ്രേമചന്ദ്ര പ്രഭുവിനെ നിയമിച്ചിരുന്നു. ടി കേസുകളുടെ അന്തിമഘട്ട വാദത്തിൽ സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകനായ ശ്രീ. ജയദീപ് ഗുപ്തയും സർക്കാരിനുവേണ്ടി ഹാജരായിരുന്നു. വക്കാലത്ത് ഇനത്തിൽ ആദ്യ ഗഡുവായി 4,25,000/- രൂപ ശ്രീ. പ്രേമചന്ദ്ര പ്രഭുവിന് അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ